(സി) വരുന്ന അദ്ധ്യയനവർഷത്തിൽ തന്നെ ഈ പദ്ധതി ഹൈസ്കൂൾ തലത്തിൽ നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) സർക്കാർ എയ്ഡഡ് മേഖലയിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും യൂണിഫോം വിതരണം ചെയ്യുന്നതിനാവശ്യമായ തുണിയുടെ ഉല്പാദനം നടത്തുന്നതിനുള്ള കേരളത്തിലെ കൈത്തറി മേഖലയുടെ ഉത്പാദന ക്ഷമത, വേണ്ടിവരുന്ന അധിക ചെലവ് എന്നിവ കണക്കാക്കിയിട്ടില്ല. നിലവിൽ വിതരണം ചെയ്യുന്നതിന് പുറമെ 9, 10 ക്ലാസ്സുകളിലേയ്ക്കുംകൂടി സൗജന്യ യൂണിഫോം പദ്ധതി വ്യാപിപ്പിക്കുന്നപക്ഷം അതിന്റെ അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും. ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നതല്ല. കേരളത്തിലെ കൈത്തറി മേഖലയുടെ ഉത്പാദനക്ഷമതയും ആവശ്യമായ അധിക ചെലവും പരിശോധിച്ചശേഷം മാത്രമെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ.

**പൊതുവിദ്യാഭ്യാസം ഒരു കുടക്കീഴിൽ**

176 (1299) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) അതുകൊണ്ടു പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നടത്തിയ കാര്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് എല്ലാ മേഖലകളിലെയും തനിമകൾ അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് സംയോജനം കൊണ്ട് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly